# ST. THOMAS AUPS EDIVANNA

# ACADEMIC MASTER PLAN

# 2025-26

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. | റവന്യൂ ജില്ല | മലപ്പുറം |
| 2. | സ്കൂൾ കോഡ് | 48476 |
| 3. | സ്കൂളിന്റെ പേര് | സെന്റ് തോമസ് എ.യു.പി.സ്കൂൾ, ഇടിവണ്ണ |
| 4. | മേൽവിലാസം | ഇടിവണ്ണ പി.ഒ., മലപ്പുറം ജില്ല |
| 5. | പിൻകോഡ് | 679329 |
| 6. | ഫോൺ നമ്പർ | 8075 72 30 65 |
| 7. | ഇ-മെയിൽ അഡ്രസ് | stthomasaupsedivanna@gmail.com |
| 8. | ഗ്രാമപഞ്ചായത്ത് | ചാലിയാർ |
| 9. | വിദ്യാഭ്യാസ ജില്ല | വണ്ടൂർ |
| 10. | സബ്ജില്ല | നിലമ്പൂർ |
| 11. | ക്ലാസുകൾ | 5 മുതൽ 7 വരെ |
| 12. | മാനേജ്മെന്റ് | എയ്ഡഡ് |
| 13. | പഠനമാധ്യമം | മലയാളം / ഇംഗ്ലീഷ് |

- ## ആമുഖം

മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക എയ്ഡഡ് അപ്പർ പ്രൈമറി വിദ്യാലയമാണ് സെന്റ് തോമസ് എ.യു.പി. സ്കൂൾ ഇടിവണ്ണ. മലയോര ഗ്രാമമായ ഇടിവണ്ണയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം അറിവിന്റെ കേദാരമായി നിലകൊള്ളാൻ തുടങ്ങിയിട്ട് 42 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. സമഗ്ര ഗുണമേന്മ വിദ്യാ ഭ്യാസം ലക്ഷ്യം വെച്ച് മുന്നേറുന്ന സ്കൂളിന് പാഠ്യ-പാഠ്യേതര പ്രവർത്തന-ങ്ങൾ മികവാർന്ന രീതിയിൽ നടത്തുന്നതിന് സാധിക്കാറുണ്ട്. കുട്ടികളുടെ അക്കാദമിക മികവ് ഉയർത്തുന്നതിന്റെ ഭാഗമായി USS സ്കോളർഷിപ്പ് പരീക്ഷക്കും മറ്റു ദേശീയ സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള വിദഗ്ധ പരിശീലനം നൽകി പോരുന്നു. എല്ലാവരും ഉൾപ്പെടുന്ന വിദ്യാഭ്യാസം ലക്ഷ്യം വെക്കുന്നതിന്റെ ഭാഗമായി എല്ലാവരും എഴുതുന്നു. എല്ലാവരും വായിക്കുന്നു എന്ന തനതു പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

മികച്ച അച്ചടക്കവും വൈവിധ്യമാർന്ന ബോധനതന്ത്രങ്ങളും നടപ്പി-ലാക്കി കുട്ടികൾക്ക് ആത്മധൈര്യം വർധിപ്പിക്കുന്നതിന് സ്കൂൾ പ്രവർത്ത നങ്ങൾ ലക്ഷ്യം വെക്കുന്നു. കുട്ടികളുടെ സർഗവാസനകളെ വികസിപ്പിക്കു ന്നതിനും പരിപോഷിപ്പിക്കുന്നതിനും സാഹിത്യ അഭിരുചി വളർത്തുന്നതി നുമായിട്ടുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കു കയും ചെയ്യുന്ന പദ്ധതിയാണ് വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത, ഭാഷാ, ഹരിത ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനും 'വിജയസ്പർശം' പോലുള്ള പദ്ധതിയിലൂടെ പഠനവിടവ് നികത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നു. കുട്ടികളെ സാമൂഹ്യ പ്രതിബദ്ധത യുള്ള ഉത്തമ പൗരന്മാരാക്കി വളർത്തുന്നതിന്റെ ഭാഗമായി വ്യത്യസ്ത പരിപാടികളോടെ വിവിധ ദിനാചരണങ്ങൾ സ്കൂളിൽ നടത്തുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ മികവിന് ചിട്ടയായ പ്ലാനിംഗും അതിനനുസ

രിച്ചുള്ള പ്രവർത്തനങ്ങളും വിലയിരുത്തലും അത്യന്താപേക്ഷിതമാണ്. ചിട്ടയായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പി.ടി.എ., എം.പി.ടി.എ. ജനപ്രതിനിധികൾ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സാന്നിധ്യവും പൂർണമായ സഹകരണവും ഉറപ്പുവരുത്തുന്നു.

സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിനും ശിശു സൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സ്കൂളിന് സാധിച്ചിട്ടുണ്ട്. ഹരിതാഭയാർന്ന സ്കൂൾ അങ്കണം, പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസായി നിലനിർത്തുവാനുള്ള പരിശ്രമം അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഏറ്റെടുത്ത് നടത്തിവരുന്നു. JRC യുടെ വിവിധ പ്രവർത്തനങ്ങളും സ്കൂളിൽ എല്ലാ വർഷവും നടത്തിവരുന്ന ഫുട്ബോൾ പരിശീലന ക്യാമ്പുകളും കുട്ടികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുള്ളവയാണ് നല്ലപാഠം. പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ട് സ്കൂളിനെ പൊതുസമൂഹം അംഗീകരിക്കുന്ന രീതിയിൽ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. 260 വിദ്യാർഥികളും 13 അധ്യാപകരും ഒരു അനധ്യാപികയും ചേരുന്നതാണ് സ്കൂളിലെ ഉദ്യോഗവൃന്ധം.

കൂടുതൽ ഗുണപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം വെക്കുന്നു.

- ## പൊതുലക്ഷ്യങ്ങൾ

  - ഭാഷാവിഷയങ്ങളായ ഹിന്ദി, ഇംഗ്ലീഷ്, മലയാളം വിഷയങ്ങൾ അനായാസം എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു.
  - ഗണിതക്രിയകൾ ലളിതവും രസകരവുമാക്കാനുള്ള പ്രവർത്തനങ്ങളുടെ അവതരണം.
  - വായനാശേഷി വളർത്തി കുട്ടികളെ അറിവിന്റെ ലോകത്തിലെത്തിക്കുന്നു.
  - S.S., സയൻസ്, ഗണിതം ലാബുകളുടെ നവീകരണവും പ്രവർത്തനം സജ്ജമാക്കലും.
  - USS പരീക്ഷാ പരിശീലനം
  - സ്കൂൾതല ഫുട്ബോൾ ക്യാമ്പുകൾ സംഘടിപ്പിക്കും
  - മാസാന്ത്യ പത്ര ക്വിസ്.
  - ദിനാചരണങ്ങൾ വിപുലപ്പെടുത്തി കുട്ടികളിൽ ആ ദിവസത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു.
  - ക്ലാസ് പി.ടി.എ. ശക്തിപ്പെടുത്തും.
  - ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.ടി. പ്രവർത്തിപരിചയ മേളകൾ നടത്തി മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് പരിശീലനം നൽകുന്നു.
  - അധ്യാപകരുടെ ശാക്തീകരണം സ്കൂൾ SRG തലത്തിൽ നടപ്പിലാക്കും.
  - കലാ-കായിക രംഗത്ത് കുട്ടികളുടെ താല്പര്യം വളർത്തുന്നതിനും അഭിരുചി കണ്ടെത്തുന്നതിനും മത്സരങ്ങൾ നടത്തും.

# ഭാഷാശേഷി വികസന പ്രവർത്തനങ്ങൾ

- മലയാളം

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനത്തിനൊപ്പം പദസമ്പത്ത് വളർത്താനും ആശയ സംവേദനം നടത്താനും കുട്ടികളെ പ്രാപ്തരാകക്കുന്നു. | വാക്കുകളിൽ തുടങ്ങി വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡു പ്രയോഗിച്ച് പദങ്ങളും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ / ജൂലൈ | മലയാളം അധ്യാപകർ |
| അർത്ഥപൂർണമായ വായന പ്രോത്സാഹിപ്പിക്കുന്നു. | വാർത്താലോകം കുട്ടികൾക്കിടയിൽ പത്രവായന ശീലമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ അവസരം നല്കുന്നു | അക്കാദമിക വർഷം | |
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രചനകൾ / അവതരണങ്ങൾ കുട്ടികളുടെ രചനകൾ പ്രോത്സാഹിപ്പിക്കാനുള്ള മത്സരങ്ങൾ, മറ്റ് കലാവിഷ്കാരങ്ങൾ | അക്കാദമിക വർഷം | |

# വിദ്യാരംഗം കലാസാഹിത്യവേദി – പ്രവർത്തനങ്ങൾ

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| സ്വതന്ത്ര രചന വളർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ചെറിയ വാക്യങ്ങളിൽ കൂടി വലിയ ലോകത്തേക്ക്:- ഭാവനയും നിരീക്ഷണവും അനുഭവവും ആശയവും ഉപയോഗിച്ച് കഥ, കവിത, ഉപന്യാസം തുടങ്ങിയവ തയ്യാറാക്കുന്നു. | ജൂൺ / ജൂലൈ | മലയാളം അധ്യാപകർ |
| സർഗ്ഗവാസനകളെ പ്രബുലപ്പെടുത്തുന്നതിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു. | അഭിനയത്തിലേക്ക് ചുവടുവയ്പ് :- സമൂഹത്തിലെ മാറ്റങ്ങളും വളർച്ചയും പാഠഭാഗ ആശയങ്ങളും ചേർത്തുകൊണ്ട് അഭിനയത്തിന് അവസരം നല്കുന്നു. | ആഗസ്റ്റ് / സെപ്തംബർ | |
| കലാശേഷിതെളിയിക്കാനുള്ള വേദി നല്കുന്നു. | പാട്ട്, ചിത്രരചന, പദ്യം, പ്രസംഗം തുടങ്ങിയവ അവതരിപ്പിക്കൽ :- അസംബ്ലി, സർഗവേള, ലാംഗ്വേജ് ക്ലാസ് റൂമുകൾ കുട്ടികൾക്ക് മുന്നിൽ അവസരങ്ങളായി നല്കുന്നു. | അക്കാദമിക വർഷം | |

- ഇംഗ്ലീഷ്

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ നല്ല രീതിയിൽ എഴുതാനും വായിക്കാനുമുള്ള അവസരമൊരുക്കുന്നു. | <u>Follow me if you can</u><br>ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നല്കുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരം. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | <u>English Assembly</u><br>ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് അസംബ്ലി നടത്തുന്നു. | | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുത്ത് ശീലമാക്കുന്നു. | <u>English Camp</u><br>വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഇംഗ്ലീഷ് ക്യാമ്പ് നടത്തി കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം നല്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ & മറ്റ് അധ്യാപകരും |

- ഹിന്ദി

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലാനുള്ള അവസരം കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല പ്രൊജക്റ്ററിൽ അവതരിപ്പിക്കും. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകൻ |
| വീട്ടിൽ പുതിയ അറിവുകൾ നേടാൻ അവസരമൊരുക്കും | <u>വീട് തന്നെ ലൈബ്രറി</u><br>വീട്ടിൽ കാണുന്ന വിവിധ വസ്തുക്കളുടെ ഹിന്ദി നാമം എഴുതി നിഘണ്ടു തയ്യാറാക്കുന്നു. | | |
| ഹിന്ദി വായന | ഹിന്ദി വായന പ്രോത്സാഹിപ്പിക്കാൻ ഹിന്ദിയിലുള്ള ചിത്രകഥകൾ, പാട്ടുകൾ പ്രൊജക്റ്ററിൽ പ്രദർശിപ്പിക്കുകയും കുട്ടികൾക്ക് പഠിക്കാൻ അവസരം നല്കി അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യും. | അക്കാദമിക വർഷം | |

- ഗണിതം

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | <u>ഗണിത ശിൽപ്പശാല</u><br>കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, തീപ്പെട്ടി, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗപ്പെടുത്തും) | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിതം മധുരമാക്കൽ | <u>ഗണിത ലാബ്</u><br>വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കി ഗണിതപഠനം അനായാസമാക്കും. | അക്കാദമിക വർഷം | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.<br>ഗണിതത്തോടുള്ള താല്പര്യം വർധിപ്പിക്കൽ. | <u>ഗണിത പാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | അക്കാദമിക വർഷം | ഗണിത അധ്യാപകർ |
| ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തൽ | <u>ഐ.ടി. സാധ്യത കണക്കിൽ</u><br>സ്മാർട്ട് ക്ലാസുകളിൽ ഐടി സാധ്യത ഉപയോഗ പ്പെടുത്തി ജ്യാമിതീയ രൂപങ്ങളും ചതുഷ്ക്രിയ കളും ഉൾപ്പെട്ട പ്രവർത്തനങ്ങൾ ആസ്വാദ്യകര മാക്കുന്നു. | അക്കാദമിക വർഷം | |

| ▪ സയൻസ് | | | |
|---|---|---|---|
| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
| 1) ശാസ്ത്ര അവബോധം വളർത്തുക, പ്രക്രിയാശേഷി വികസിപ്പിക്കുക, വിദ്യാർഥിക ളിൽ ഗവേഷണോത്സുകത വർധിപ്പിക്കുക. | * ശാസ്ത്ര പരീക്ഷണശാല/സയൻസ് ലബോറട്ടറി: ശാസ്ത്ര ക്ലാസുകൾ പരീക്ഷണ-നിരീക്ഷണങ്ങൾ നിറഞ്ഞതാക്കി കുട്ടികൾക്ക് സ്വയം ചെയ്തു മനസ്സിലാക്കാനുള്ള അവസരം നല്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുകയും പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ |
| 2) നിത്യജീവിതത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | * പഠന യാത്ര:<br>മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിലേക്ക് കുട്ടികളും അധ്യാപകരുമൊന്നിച്ച് ഒരു പഠനയാത്ര സംഘടി പ്പിക്കുന്നു.<br>* ഹെർബൽ ഗാർഡൻ:<br>വിദ്യാർഥികളുടെ മേൽനോട്ടത്തിൽ എന്റെ സ്കൂൾ ഗാർഡൻ നിർമിച്ചു പരിപാലിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് / ഹരിത ക്ലബ് |

| | | | |
|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ പുരോഗതി മനസ്സിലാക്കുക, ശാസ്ത്രജ്ഞന്മാരുടെ ജീവിത ങ്ങളെയും പരീക്ഷണ നിരീക്ഷ ണങ്ങളെയും അടുത്തറിയുക. | * ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പുകളും ചിത്രങ്ങളും വരാന്തകളിലും ക്ലാസ് മുറികളിലും കുട്ടികൾ വായിക്കത്തക്കവിധം സ്ഥാപിക്കുന്നു.<br>* സ്കൂൾ അസംബ്ലിയിൽ ശാസ്ത്രജ്ഞന്മാരെ യും അവരുടെ പ്രധാന കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തുന്നു.<br>* ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമി ക്കുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് ശാസ്ത്ര അധ്യാപകൻ |

- സാമൂഹ്യശാസ്ത്രം

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* |
|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | * മിതവ്യയ ശീലം പരിശീലിക്കുന്നതിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിതർക്ക് കൈമാറുന്നു.<br>* എല്ലാ കുട്ടികളുമായി ഇടപഴകാനും പങ്കുവെക്കാനുമുള്ള അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | <u>ഫീൽഡ് ട്രിപ്പ് / സർവ്വെ</u><br>കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വെ നടത്തുന്നു. | അക്കാദമിക വർഷം | എസ്.എസ്. ക്ലബ് |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | <u>ഗ്രാമസഭ / വാർഡ് സഭ</u><br>മാതാപിതാക്കളോടൊപ്പം സന്ദർശനം, സ്കൂൾ പാർലമെന്റ് ഇലക്ഷൻ ജനാധിപത്യത്തിൽ നടപ്പിലാക്കുന്നു. | അക്കാദമിക വർഷം | |

- ## ഉപസംഹാരം

സെന്റ് തോമസ് എ.യു.പി. സ്കൂളിന്റെ 2025-26 അധ്യയന വർഷത്തെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യംവെച്ചുകൊണ്ട് കൃത്യമായ ദിശാബോധത്തോടെ നടപ്പിലാക്കിയതാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളെ വിദ്യാഭ്യാസ ത്തിന്റെ പൂർണത കൈവരിക്കാൻ പ്രാപ്തരാക്കുന്നു. കുട്ടികളുടെ അവകാ ശങ്ങൾ നേടിയെടുക്കാൻ അവരെ നേർവഴിയിൽ നയിക്കാൻ മാതാപിതാ ക്കളും അധ്യാപകരും പ്രതിജ്ഞാബദ്ധരാണ്. കുട്ടികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ മികവാർന്ന രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ മാസ്റ്റർ പ്ലാനിലൂടെ സാധിക്കട്ടെ. ഇതിൽ അവതരിപ്പിക്കുന്ന പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും ഗുണകരമാകുന്ന രീതിയിൽ നടപ്പിലാക്കാൻ ഞങ്ങൾക്ക് സാധിക്കും എന്ന പ്രതീക്ഷയോടെ,

സെന്റ് തോമസ് എ.യു.പി. സ്കൂൾ, ഇടിവണ്ണ